SUNDAY 04-09-2022 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**

**Chief Editor : Suraj S.** **Editor : Dr. Saritha Vijayan K.**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-04/09/2022.

1. കൃഷിവകുപ്പിന്റെ വിപണി ഇടപെടൽ നടപടിയുടെ ഭാഗമായി ഓണം സീസണിൽ ഇത്തവണ 2010 നാടൻ കർഷക ചന്തകൾ സംസ്ഥാനമൊട്ടാകെ ഇന്നു മുതൽ **സെപ്റ്റംബർ** 7 വരെ പ്രവർത്തിക്കുന്നതാണ്. കൃഷിവകുപ്പിന്റെ കീഴിലുള്ള ഞങ്ങളും കൃഷിയിലേക്ക് പദ്ധതി പ്രകാരം രൂപീകൃതമായ കൃഷി കൂട്ടങ്ങൾ, ഏകതയുടെ ക്ലസ്റ്ററുകൾ, എക്കോ ഷോപ്പുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ എന്നിവയുടെ സഹകരണത്തോടെയാണ് കൃഷിഭവൻ തലത്തിൽ വിപണികൾ സംഘടിപ്പിക്കുക. കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണിയിലെ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുകയും ഓണവിപണികളിലൂടെ വിൽപന നടത്തുമ്പോൾ പൊതുവിപണിയിലെ വിൽപന വിലയേക്കാൾ 30% കുറഞ്ഞ വിലയ്ക്ക് ഇത് ഉപഭോക്താക്കൾക്ക് നൽകുന്നതുമാണ്.

2. കുട്ടനാട്ടിൽ രണ്ടാംകൃഷി ഇറക്കിയ, വിതച്ച് 55 ദിവസം മുതൽ 90 ദിവസം വരെ പ്രായമായ പാടശേഖരങ്ങളിൽ, മുഞ്ഞയുടെ സാന്നിധ്യം കാണുന്നുണ്ട്. എന്നാൽ മിക്കയിടങ്ങളിലും മുഞ്ഞയുടെ മുട്ടകളെ ആഹാരമാക്കുന്ന **മിറിഡ് ചാഴികൾ** ധാരാളമായി കാണുന്നുണ്ട്. ഈ സാഹചര്യത്തിൽ കർഷകർ വളരെ കരുതലോടുകൂടിയിരിക്കണം. സാങ്കേതിക നിർദ്ദേശ പ്രകാരമല്ലാതെ ഒരു കീടത്തിനെതിരെയും രാസകീടനാശിനികൾ പ്രയോഗിക്കരുത്. കൃഷിയിടത്തിൽ പ്രയോഗിക്കുന്ന ഏതൊരു കീടനാശിനിയും തുടർന്ന് മുഞ്ഞയുടെ വംശവർദ്ധനവിന് ഇടയാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ കർഷകർ പ്രത്യേകം ശ്രദ്ധിക്കണം. ഏതെങ്കിലും സാഹചര്യത്തിൽ മുഞ്ഞയുടെ ആക്രമണം രൂക്ഷമായി, കീടനാശിനി പ്രയോഗം ആവശ്യമായി വരുന്ന പക്ഷം മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രവുമായോ അതത് കൃഷിഭവനുമായോ ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470696** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. ഓണക്കാലത്ത് പൊതുജനങ്ങൾക്ക് ശുദ്ധവും മായം കലരാത്തതുമായ പാൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ക്ഷീര വികസന വകുപ്പിന്റെ ഓണക്കാല ഊർജ്ജിത പാൽ പരിശോധന സംവിധാനവും, ഇൻഫർമേഷൻ സെന്ററും ക്ഷീരവികസന വകുപ്പിന്റെ പട്ടത്ത് പ്രവർത്തിക്കുന്ന ജില്ലാ ക്വാളിറ്റി കൺട്രോൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലാബിൽ സെപ്റ്റംബർ 7 വരെ സംഘടിപ്പിക്കുന്നു. കർഷകർക്ക് അവർ ഉത്പാദിപ്പിക്കുന്നതും പൊതുജനങ്ങൾക്ക് അവർ ഉപയോഗിക്കുന്നതുമായ പാൽ സൗജന്യമായി പരിശോധിക്കുന്നതിനുള്ള സൗകര്യം ലാബിൽ ഒരുക്കിയിട്ടുണ്ട്. ഗുണനിലവാര പരിശോധനയ്ക്കായി കുറഞ്ഞത് 200 മില്ലി പാൽ സാമ്പിളും പാക്കറ്റ് ആണെങ്കിൽ പാക്കറ്റ് പൊട്ടിക്കാതെ എത്തിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്വാളിറ്റി കൺട്രോൾ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. അന്യസംസ്ഥാനത്ത് നിന്ന് വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതുമാണ്. പാറശാല കേന്ദ്രീകരിച്ച് സ്ഥിരം പാൽ പരിശോധന സംവിധാനം 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

4. തിരുവനന്തപുരം ആനയറയിൽ പ്രവർത്തിക്കുന്ന കൃഷി ബിസിനസ് കേന്ദ്രയിൽ മല്ലി, കാബേജ്, കോളിഫ്ളവർ, മുളക്, പയർ തുടങ്ങിയ പച്ചക്കറി തൈകളും ഗംഗാബോണ്ടം തെങ്ങിൻ തൈകൾ തൈ ഒന്നിന് 200 രൂപയ്ക്കും, കുറ്റ്യാടി തെങ്ങിൻ തൈകൾ തൈ ഒന്നിന് 100 രൂപയ്ക്കും വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടാതെ ചുവപ്പ് നിറത്തിലുള്ള ഡ്രാഗൺഫ്രൂട്ട് തൈകൾ തൈ ഒന്നിന് 100 രൂപ നിരക്കിലും ലഭ്യമാണ്.

5. 2020, 2021 വർഷങ്ങളിൽ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയ റബ്ബർകർഷകർക്ക് ധനസഹായത്തിന് അപേക്ഷിക്കാം. പരമാവധി രണ്ടു ഹെക്ടർ വരെ റബ്ബർകൃഷിയുള്ളവർക്ക് നിബന്ധനകൾക്ക് വിധേയമായി ഒരു ഹെക്ടറിന് ധനസഹായം ലഭിക്കാൻ അർഹതയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ 'സർവ്വീസ് പ്ലസ്' എന്ന വെബ് പോർട്ടലിലൂടെ ഓൺലൈനായി ഒക്ടോബർ 31-നകം അപേക്ഷകൾ സമർപ്പിക്കാം. വിശദവിവരങ്ങൾ www.rubberboard.org.in എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന **0481 2576622** എന്ന കോൾസെന്റർ നമ്പർ എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്നതാണ്.

6. കുന്നത്തുകാൽ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ഇന്നു മുതൽ മണവാരി ജംഗ്ഷനിൽ കർഷകചന്തകൾ പ്രവർത്തനമാരംഭിക്കുന്നു. ഇതിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ആർ അമ്പിളി നിർവഹിക്കുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

7. നെയ്യാറ്റിൻകര ബ്ലോക്കിൽ ഓണച്ചന്തകൾ നെയ്യാറ്റിൻകര മിനി സിവിൽസ്റ്റേഷൻ, അതിയന്നൂർ, കാഞ്ഞിരംകുളം, കരുംകുളം, കോട്ടുകാൽ, വെങ്ങാനൂർ, വിഴിഞ്ഞം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നതാണ്.

**പരിശീലന പരിപാടികൾ**

8. കാർഷിക സർവ്വകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റിൽ **ഹൈഡ്രോപോണിക്സ്** കൃഷിരീതിയിൽ സെപ്റ്റംബർ 22 മുതൽ 24 വരെയുള്ള തീയതികളിൽ 3 ദിവസത്തെ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ളവർ **0487 2960079, 9961533547, 9037033547** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കോഴിക്കോട് ബേപ്പൂർ നടുവട്ടത്ത് പ്രവർത്തിക്കുന്ന ക്ഷീര പരിശീലന കേന്ദ്രത്തിൽ ഈ മാസം 12 മുതൽ 17 വരെ (സെപ്റ്റംബർ 12 മുതൽ 17 വരെ) **ശാസ്ത്രീയ പശു പരിപാലനം** എന്ന വിഷയത്തിൽ ആറ് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. പ്രവേശന ഫീസ് 20 രൂപ. ഏതെങ്കിലും തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർ 06-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി dd-dtc-kkd.dairy@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ **0495 2414579** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. **കൊല്ലം ജില്ലയിലെ അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- ചീരയിൽ കണ്ടു വരുന്ന ഇലപ്പുള്ളി രോഗത്തെ പ്രതിരോധിക്കുന്നതിനായി സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് 10 ദിവസത്തെ ഇടവേളകളിലായി തളിച്ച് കൊടുക്കുക. 40 ഗ്രാം പാൽക്കായം 8 ഗ്രാം അപ്പക്കാരം 32 ഗ്രാം മഞ്ഞൾ പൊടി എന്നിവ 10 ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലകളിൽ തളിച്ച് കൊടുക്കുന്നതും രോഗ പ്രതിരോധ ശേഷിയ്ക്ക് ഉപകരിക്കും. രോഗം നിയന്ത്രിക്കുന്നതിനായി പുതിയ ചാണകത്തിന്റെ തെളിഞ്ഞ ലായനിയിൽ 20 ഗ്രാം സുഡോമോണാസ് ഒരു ലിറ്ററിന് എന്ന തോതിൽ ഇലകളിൽ തളിച്ച് കൊടുക്കുക. ജലസേചനം നടത്തുമ്പോൾ ഇലകളുടെ മുകളിൽ വെള്ളം വീഴ്ത്താതെ ചെടിയുടെ ചുവട്ടിലായി നനയ്ക്കാൻ ശ്രദ്ധിക്കുക.